പിരിച്ചുവിടപ്പെട്ടവർ

*ക്ഷ ക്ഷ ന്യ. (വ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

അഞ്ചലും തപാലും ഡിപ്പാർട്ട്മെണ്ടുകളും യോജിപ്പിക്കുന്നതു നിമിത്തം എത്ര ആളുകൾക്കു ഉദ്യോഗം ഇല്ലാതാകും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഇതിനേപ്പറ്റിയും വിശദവിവരങ്ങളും കേന്ദ്രഗവൺമെൻറിൽനിന്നും ലഭിച്ചിട്ടില്ല.

ശ്രീ. മന്നാർഗോപാലൻ നായർ: സംയോജനം വരുമ്പോൾ നാൻഡിപ്പാർട്ടുമെൻറൽ അഞ്ചലാഫീസുകൾ എന്തുചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നതു?

ശ്രീ. സി. കേശവൻ: അതും ഇൻഡ്യാഗവൺമെൻറ് തീരുമാനിക്കേണ്ട ഒരു കാര്യമാണ്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: വിശദവിവരങ്ങളും ലഭിച്ചിട്ടില്ലെന്നു പറഞ്ഞു. എന്നാൽ എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കിട്ടിയ വിവരങ്ങളെല്ലാം ഇന്നലെത്തന്നെ പ്രസ്താവിച്ചുകഴിഞ്ഞു. അതിൽപിന്നെ ഒരു വിവരവും ലഭിച്ചിട്ടില്ല. ഇപ്പോൾ എജൻസി ബേസിസിലാണ് നാം നടത്തിക്കൊണ്ടിരിക്കുന്നതു. വരുന്ന ഏപ്രിൽമുതൽ അതു ഇൻഡ്യാഗവൺമെൻറ് ഏറ്റെടുക്കുന്നു. അതുമാത്രമേ ഇപ്പോൾ പറയാൻ സാധിക്കുകയുള്ളൂ. ഏതായാലും കഴിവുള്ളിടത്തോളം ഇപ്പോഴുള്ള അഞ്ചലാഫീസുകളെല്ലാം തുടർന്നുകൊണ്ടുപോകണമെന്നു ഇൻഡ്യാഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: സംയോജനം മൂലം നാൻഡിപ്പാർട്ടുമെൻറൽ അഞ്ചലാഫീസുകളിലെ മാസ്റ്റർമാർക്ക് ശമ്പളം കുറച്ചതായി അറിയാമോ?

ശ്രീ. സി. കേശവൻ: ഗവൺമെൻറിനറിവില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: സംയോജനം കാരണം ഇവിടെയുള്ള അഞ്ചലാഫീസുകളിലുള്ളവർക്ക് വെളിയിൽപോയി ജോലിചെയ്യേണ്ടി വന്നേക്കുമോ?

ശ്രീ. സി. കേശവൻ: പക്ഷെവന്നേക്കാം. എന്നാൽ കഴിയുന്നതും അവരെ വെളിയിലയക്കാതിരിക്കാൻ നോക്കാമെന്നു അവർ ഏറ്റിട്ടുണ്ട്. ചിലപ്പോൾ അവർക്ക് ഉദ്യോഗംവേണമെങ്കിൽ വെളിയിൽ പോകേണ്ടിയും വരും.

ട്രേനയകമ്മിറ്റി

*ക്ഷ ക്ഷ ഹ. (ൻ) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ്വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ട്രേനയകമ്മിറ്റിക്കുവേണ്ടി ആകെ എത്ര സംഖ്യ ചെലവായിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) ട്രേനയകമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് ഗവൺമെൻറിൽ നിന്നും എന്തെങ്കിലും നടപടികൈക്കൊള്ളുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ?

നിയമവും, ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഈ സെഷനിൽതന്നെ ഇതിനു രണ്ടു പ്രാവശ്യം ഉത്തരംപറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ദേവകി ഗോപിദാസ്: (ബി) പാർട്ടിനു് ഉത്തരം പറഞ്ഞിഞ്ഞട്ടില്ല.

ശ്രീ. എ. ജെ. ജാൺ: റിപ്പോർട്ടു് ഗവണ്മെൻറിന്റെ പര്യാലോചനയിലിരിക്കുകയാണു്.

ശ്രീ. എം. ഐ. പാപ്പ്: ട്രനയക്കമ്മറിയുടെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താൻ താമസിക്കുന്നതു് നൂറും, ഇരുന്നൂറും, മുന്നൂറും ഏക്കർ ഭൂമി കൈവശമുള്ള വ്യക്തികളുടെ കയ്യിൽനിന്നും അതെടുക്കാൻ മനസ്സില്ലാത്തതുകൊണ്ടും, അതുപോലെതന്നെ ഫ 0 0–ം, ന 0 0–ം ഏക്കർ ഭൂമി വ്യക്തികൾക്കു് പതിച്ചുകൊടുക്കുവാൻ സാധിക്കാതെവരുമെന്നു കരുതിയിട്ടുമല്ലേ?

മിസ്റ്റർ സ്പീക്കർ: അതു് ഊഹങ്ങൾ അടിസ്ഥാനമാക്കി ചോദ്യരൂപത്തിലുള്ള ഒരു പ്രസ്താവനയാണു്, ചോദ്യമല്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: കഴിഞ്ഞ തവണയിൽനിന്നും ഇപ്പോൾ ഉള്ള മാറ്റത്തെ പരിഗണിച്ചു് ഏതെങ്കിലും പുതിയ നടപടി കൈക്കൊള്ളുവാൻ ആലോചനയുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

Sri. D. Gnanasigamoni: May I know whether it is the intention of Government to bring in a comprehensive legislation relating to this matter?

ശ്രീ. എ. ജെ. ജാൺ: അതാണു് ഗവണ്മെൻറിന്റെ ഉദ്ദേശം.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: ഇതിലേക്കു് ഇൻഡ്യാഗവണ്മെൻറിനോടു് ചോദിക്കേണ്ട ആവശ്യമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ലജിസ്ലേഷനെ സംബന്ധിച്ചാണെങ്കിൽ ആവശ്യമുണ്ടു്. അല്ലെങ്കിൽ ആവശ്യമില്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അങ്ങനെ അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ബില്ല തയാറാക്കിയില്ല. തയാറാക്കിയിട്ടു് ആവശ്യപ്പെട്ടാൽ മതിയാകും.

ശ്രീ. ഇ. ഗോപാല കൃഷ്ണമേനോൻ: ഇപ്പോഴത്തെ രാഷ്ട്രീയ പരിതഃസ്ഥിതികളെ പരിഗണിച്ചു് ട്രനയക്കമ്മിറിയുടെ റിപ്പോർട്ടുപ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താതിരിക്കാമോ?

Mr. Speaker: That is not a question.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ബില്ലു് വേണമെന്നാണോ വേണ്ടെന്നാണോ ഗവണ്മെൻറിന്റെ അഭിപ്രായം?

ശ്രീ. എ. ജെ. ജാൺ: റിപ്പോർട്ടു് ഗവണ്മെൻറു് പര്യാലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഇട്ടിര അബ്ദുക്കൻ: ഇനി ഇവിടെ വരാൻ പോകുന്നതു് സോഷ്യലിസ്റ്റു ഗവണ്മെൻറാണെന്നു് മി. പട്ടം താണുപിള്ള മുതലായവർ പറയുന്ന സ്ഥിതിക്കു് ഇപ്പോഴത്തെ ട്രനയക്കമ്മിറിയുടെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താതിരിക്കാൻ ശ്രമിക്കുമോ?

Mr. Speaker: The question is disallowed.

Sri. D. Gnanasigamoni: Am I to understand that this Government is going back upon the assurance given to this House to bring in a Bill at an early date?

LIBRARY ARCHIVES Kerala Legislative Assembly

Sri. A. J. John: It is the itention of the Government to introduce a Bill as early a possible.

കാരാപ്പുഴ സക്കാർ മിഡിൽസ്കൂൾ

*൧൧൩൮. (൧൦) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയംമറുപടിപറയുമോ.—

(എ) കോട്ടയം കാരാപ്പുഴ സക്കാർ മിഡിൽസ്കൂളിൽ ഇപ്പോൾ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നു പറയുമോ;

(ബി) ആ സ്കൂളിൽ എത്ര കുട്ടികൾക്ക് സ്ഥലസൗകര്യമുണ്ടെന്നു പറയാമോ;

(സി) ടി സ്കൂളിൽ കുട്ടികൾക്കു ഇരിക്കുന്നതിനു ബഞ്ച് മുതലായവ ഒട്ടും തന്നെ മതിയാകുന്നില്ലെന്നു കാണിച്ച് ഗവൺമെൻറിലേക്കു അപേക്ഷ കിട്ടിയിട്ടുണ്ടോ? കിട്ടിയിട്ടു എത്രനാളായി;

(ഡി) അതിന്മേൽ എന്തു നടപടി നടത്തിയെന്നു പറയുവാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) രണ്ടു.

(സി) ഇല്ല.

(ഡി) ഈ പ്രശ്നം ഉദിക്കുന്നില്ല. എന്നാൽ സ്കൂളുകളിലേയ്ക്ക് ആവശ്യമുള്ള ബഞ്ചുകളും മുതലായ ഉപകരണങ്ങളും ഉണ്ടാക്കുന്നതിനു വേണ്ട നടപടി എടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ്: അപേക്ഷ കിട്ടിയിട്ടില്ലെന്നു ശരിയായി നോക്കിയിട്ടുതന്നെയാണോ പറയുന്നതു? മി. കോശി ഡയറക്ടറായിരിക്കുമ്പോൾ കൊടുത്ത അപേക്ഷയാണ്.

ശ്രീ. ടി. കെ. നാരായണപിള്ള: ഏതായാലും ഈ ആവശ്യത്തിലേയ്ക്ക് വേണ്ടനടപടി എടുത്തു കഴിഞ്ഞിട്ടുണ്ട്. അടുത്ത സാമ്പത്തികവർഷാരംഭത്തിനു മുമ്പ് ഈ ഉപകരണങ്ങൾ ഉണ്ടാക്കുന്ന ആവശ്യത്തിലേക്ക് വിനിയോഗിക്കാനായി രണ്ടുലക്ഷം രൂപാ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്.

Sri. D. Gnanasigamoni: Is it a new school started under the new Secondary Education Scheme?

ശ്രീ. ടി. കെ. നാരായണപിള്ള: പുതിയസ്കൂളാണ്.

ശ്രീമതി ദേവകി ഗോപിദാസ്: അവിടെ സ്ഥലസൗകര്യം ഉണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്ഥലസൗകര്യമില്ലെങ്കിൽ പരിഹാരം ഉണ്ടാക്കാം.

ശ്രീമതി ദേവകി ഗോപിദാസ്: അവിടെ ഇതുവരെ പുരപോലും കെട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുംവേണ്ട ഏർപ്പാടു ചെയ്തുകൊണ്ടിരിക്കുന്നതാണ്.

ശ്രീ. സി. വി. ജോൺ: വിദ്യാർത്ഥികളുടെ ബഞ്ചൊടിക്കൽ പ്രസ്ഥാനത്തെ തടയുന്നതിനു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly